"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ചേർത്തല ഹോളി ഫാമിലി ഹൈസ്കൂളിലെ ഫുൾ ടൈം മീനിയൽ, ശ്രീ ജിസ്റ്റോ വി.വി. യുടെ നിയമനാംഗീകാരം - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3982/2026/GEDN തീയതി,തിരുവനന്തപുരം, 16-06-2026

---

പരാമർശം:-

1. കോർപ്പറേറ്റ് മാനേജർ 20.12.2025 തീയതിയിൽ സമർപ്പിച്ച റിവിഷൻ ഹർജി.
2. ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18.02.2026 തീയതിയിലെ ഡിഇഒസിറ്റിഎൽ/249/2026-ബി4 നമ്പർ റിപ്പോർട്ട്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18.02.2026 തീയതിയിലെ ഇസി1/2856/2026/ഡിജിഇ നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

ചേർത്തല ഹോളി ഫാമിലി ഹൈസ്കൂളിലെ ഫുൾ ടൈം മീനിയൽ, ശ്രീ ജിസ്റ്റോ വി.വി. യുടെ നിയമനം അംഗീകരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് കോർപ്പറേറ്റ് മാനേജർ റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിരുന്നു.

2. ഈ വിഷയത്തിൽ 19.02.2026 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. ചേർത്തല ഹോളി ഫാമിലി എച്ച്.എസ്. -ൽ 06.02.2025 മുതൽ എഫ്.റ്റി.എം ആയി നിയമിക്കപ്പെട്ട ശ്രീ ജിസ്റ്റോ വി.വി -യുടെ നിയമനം അംഗീകരിച്ച് നൽകണമെന്ന് പരാമർശം (1) റിവിഷൻ ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

4. പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ചേർത്തല സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിലെ എഫ്.റ്റി.എം ആയിരുന്ന ശ്രീ അരുൺ കെ.പി. രാജി വെച്ച ഒഴിവിൽ മുട്ടം ഹോളി ഫാമിലി എച്ച്.എസ്.എസ്. ലെ ഫുൾടൈം മീനിയലായ ശ്രീമതി ജോസ്മി ജോസിനെ 06.02.2025 മുതൽ പുനർനിയമിച്ചതു മൂലം മുട്ടം എച്ച്.എഫ്.എച്ച്.എസ്.എസ്-ലുണ്ടായ എഫ്.റ്റി.എം -ന്റെ ഒഴിവിൽ 06.02.2025 മുതൽ മാനേജർ ശ്രീ ജിസ്റ്റോ വി.വി യെ നിയമിച്ചു. എന്നാൽ പ്രസ്തുത നിയമനം, ശ്രീമതി ജോസ്മി ജോസിന്റെ എഫ്.ടി.എം തസ്തികയിലെ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ നിയമനത്തിന് ആധാരമായ ഒഴിവ് വ്യവസ്ഥാപിതമല്ല, എഫ്.ടി.എം തസ്തികയിലെ സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിക്കപ്പെട്ടിട്ടില്ല, കൂടാതെ ഭിന്നശേഷി നിയമനാർഥി ആയ ശ്രീമതി മേരി ഗ്രേസി വി.എ 11/06/2024 ൽ രാജി വെച്ച ഒഴിവിൽ ആണ് ശ്രീമതി

ജോസ്മി ജോസിന്റെ 18/06/2024 മുതലുള്ള നിയമനം എന്നതിനാൽ ശ്രീ ജിസ്റ്റോ വി.വി യുടെ നിയമനം ഭിന്നശേഷി ഉദ്യോഗാർത്ഥിക്ക് വേണ്ടി മാറ്റി വെച്ചിട്ടുള്ള ഒഴിവിലേക്കാണ് എന്നീ കാരണങ്ങളാൽ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർ നിരസിച്ചിരുന്നു. തുടർന്ന് സമർപ്പിച്ച റിവിഷൻ അപ്പീലും നിരസിച്ചിട്ടുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5.സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചേർത്തല ഹോളി ഫാമിലി എച്ച്.എസ്.ലെ എഫ്.ടി.എം ആയുള്ള ശ്രീ ജിസ്റ്റോ വി.വി.യുടെ 06/02/2025 മുതലുള്ള നിയമനം പരിഗണിക്കാനാവില്ല. ഹർജി നിരസിച്ച് അപ്രകാരം കോർപ്പറേറ്റ് മാനേജർ സമർപ്പിച്ചിരിക്കുന്ന റിവിഷൻ പെറ്റീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

ശ്രീ ജിസ്റ്റോ വി.വി., എഫ്.റ്റി.എം., സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ,
ചേർത്തല.
കോർപ്പറേറ്റ് മാനേജർ, സെന്റ് മേരീസ് ഫോറേൻ ചർച്ച് സ്കൂൾസ്, മുട്ടം, ചേർത്തല - 688 524.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചേർത്തല
വിദ്യാഭ്യാസ ഉപഡയറക്ടർ, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/9/2026-G.EDN)

ഉത്തരവിൻ പ്രകാരം
Signed by
Alex G C
Date: 18-06-2026 11:07:27
സെക്ഷൻ ഓഫീസർ

പകർപ്പ്:
പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.